# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1485

22/03/2013 - ലെ മറുപടിയ്ക്ക്

## കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് ബാങ്കുവഴിയുള്ള ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) നം.152/2012 തീയതി 19/06/2012 പ്രകാരം ഇ-പേമെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷി ഭവൻ വഴി കർഷകർക്ക് ലഭ്യമായിരുന്ന കൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതുവഴി കർഷകന് ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുകയും ചെയ്യുന്നു. ദേശവൽകൃത ബാങ്കുകൾ, സഹകരണ സംഘം ബാങ്കുകളിൽ നിന്നുമുള്ള അക്കൗണ്ടുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 1) ഇ-പേമെന്റ് നടപ്പാക്കുക വഴി കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അവരുടെ അക്കൗണ്ടിൽ എത്തുകയും അതുവഴി കൃഷി സമയബന്ധിതമായി ചെയ്യുവാൻ സാധിക്കുന്നു.<br>2) കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി പല പ്രാവശ്യം ഓഫീസിൽ കയറിയിറങ്ങുന്നതിന്റെ ബുദ്ധിമുട്ട് അവസാനിക്കും.<br>3) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാകുന്നതാണ്. |

4) സർക്കാർ സംവിധാനത്തിലെ പണം വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായിക്കും

5) കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരായ കൃഷി ഓഫീസർമാർക്ക് ഫീൽഡിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഇത് സഹായിക്കും.

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് എല്ലായിടത്തും ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | |

സെക്ഷൻ ഓഫീസർ